**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6174** **17-03-2023 - ൽ മറുപടിയ്ക്ക്**

**ഹരിത ഊർജ്ജ വരുമാന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വീട്ടാവശ്യത്തിനുള്ള വൈദ്യുതി സ്വന്തമായി ഉല്പാദിപ്പിക്കുന്നതിന് പുറമെ അധികമായി ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഗ്രിഡിലേക്ക് നൽകി വരുമാനം ഉറപ്പാക്കുന്നതിനായി ഹരിത ഊർജ്ജ വരുമാന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പാവപ്പെട്ട കുടുംബങ്ങൾക്ക് സൗജന്യമായി സോളാർ പവർ പ്ലാന്റ് സ്ഥാപിച്ച് നൽകി ആവശ്യത്തിനുള്ള വൈദ്യുതി സ്വന്തമായി ഉല്പാദിപ്പിക്കുന്നതിനു പുറമെ, വൈദ്യുതി ഗ്രിഡിലേക്ക് നൽകി വരുമാനം ഉറപ്പാക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാർ രൂപീകരിച്ച പദ്ധതിയാണ് '**ഹരിത ഊർജ്ജ വരുമാന പദ്ധതി'.** പട്ടികജാതി വിഭാഗത്തിൽപ്പെട്ട 305 പാവപ്പെട്ട കുടുംബങ്ങൾക്കും ലൈഫ് മിഷൻ വഴി നിർമ്മിച്ച 700 ഓളം വീടുകളിലും ആവശ്യത്തിനുള്ള വൈദ്യുതി സ്വന്തമായി ഉല്പാദിപ്പിക്കുന്നതിനു പുറമെ, വൈദ്യുതി ഗ്രിഡിലേക്ക് നൽകി വരുമാനം ഉറപ്പാക്കുന്നതിനു വേണ്ടിയുള്ള പദ്ധതിയാണ്. ഈ പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ പട്ടികജാതി വകുപ്പ് നൽകിയ പട്ടികയിൽ നിന്നും 305 വീടുകളിൽ ഓരോന്നിലും 3 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ്ബന്ധിത സൗരോർജ്ജ നിലയങ്ങൾ അനെർട്ട് വഴി സൗജന്യമായി നിർമ്മിച്ച് നൽകിയിട്ടുണ്ട്. കാലാകാലങ്ങളിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന APPC നിരക്കിനനുസരിച്ചാണ് സൗരോർജ്ജ ഉത്പാദകർക്ക് അവർ നൽകുന്ന അധിക വൈദ്യുതിക്ക് unit നിരക്ക് നൽകാറുള്ളത്.<br><br>പാലക്കാട് കുഴൽമന്ദം, നൊച്ചുള്ളി ഹരിജൻ നായാടി കോളനിയിലെ 18 വീടുകളിലായി 2kw വീതമുള്ള പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ (ആകെ 36 KW) സ്ഥാപിക്കുകയുണ്ടായി. പദ്ധതി നിർവഹണത്തിനാവശ്യമായ തുകയുടെ 40% കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ സബ്സിഡിയോടു കൂടിയും ഉപഭോക്തൃ വിഹിതമായി |

| | | | |
|---|---|---|---|
| | | | അടക്കേണ്ട ശേഷിക്കുന്ന തുക പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ പദ്ധതി വിനിയോഗ ഫണ്ട് ഉപയോഗിച്ചുമാണ് സ്ഥാപിച്ചിട്ടുള്ളത്.<br><br>പാലക്കാട് നല്ലേപള്ളി അണ്ണംതോട്, കോഴിക്കോട് ഗോവിന്ദപുരം പി. കെ. തൊടി, ചിറ്റൂർ ബ്ലോക്ക് പഞ്ചായത്തിലെ ആറ് പട്ടികജാതി കോളനികൾ ഇവയിൽ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളുടെ വീടുകളിൽ സൗജന്യ സോളാർ വൈദ്യുതീകരണത്തിന്റെ അനുമതിക്കായി പഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്. 2016ൽ സർക്കാർ ഫണ്ട് ഉപയോഗിച്ച് അഗളി, ചാലിയൂർ പട്ടികവർഗ്ഗ കോളനിയിൽ 98 KW പുരപ്പുറ സോളാർ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളുടെ വീടുകളിൽ സൗജന്യ സോളാർ വൈദ്യുതീകരണത്തിനായി നൂതന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | ഉണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പാവപ്പെട്ട കുടുംബങ്ങൾക്ക് സൗജന്യമായി സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചു നൽകി ആവശ്യത്തിനുള്ള വൈദ്യുതി സ്വന്തമായി ഉല്പാദിപ്പിക്കുന്നതിനു പുറമെ, വൈദ്യുതി ഗ്രിഡിലേക്ക് നൽകി വരുമാനം ഉറപ്പാക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാർ രൂപീകരിച്ച പദ്ധതിയാണ് '**ഹരിത ഊർജ്ജ വരുമാന പദ്ധതി'.** പട്ടികജാതി വിഭാഗത്തിൽപ്പെട്ട 305 പാവപ്പെട്ട കുടുംബങ്ങൾക്കും ലൈഫ് മിഷൻ വഴി നിർമ്മിച്ച 700 ഓളം വീടുകളിലും ആവശ്യത്തിനുള്ള വൈദ്യുതി സ്വന്തമായി ഉല്പാദിപ്പിക്കുന്നതിനു പുറമെ, വൈദ്യുതി ഗ്രിഡിലേക്ക് നൽകി വരുമാനം ഉറപ്പാക്കുന്നതിനു വേണ്ടിയുള്ള പദ്ധതിയാണ്. ഈ പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ പട്ടികജാതി വകുപ്പ് നൽകിയ പട്ടികയിൽ നിന്നും 305 വീടുകളിൽ ഓരോന്നിലും 3 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ്ബന്ധിത സൗരോർജ്ജ നിലയങ്ങൾ അനെർട്ട് വഴി സൗജന്യമായി നിർമ്മിച്ചു നൽകിയിട്ടുണ്ട്. കാലാകാലങ്ങളിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന APPC നിരക്കിനനുസരിച്ചാണ് സൗരോർജ്ജ ഉത്പാദകർക്ക് അവർ നൽകുന്ന അധിക വൈദ്യുതിക്ക് unit നിരക്ക് നൽകാറുള്ളത്.<br><br>പാലക്കാട് കുഴൽമന്ദം, നൊച്ചുള്ളി ഹരിജൻ നായാടി കോളനിയിലെ 18 വീടുകളിലായി 2kw വീതമുള്ള പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ (ആകെ 36 KW) സ്ഥാപിക്കുകയുണ്ടായി. പദ്ധതി നിർവഹണത്തിനാവശ്യമായ തുകയുടെ 40% കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ സബ്സിഡിയോടു കൂടിയും ഉപഭോക്തൃ വിഹിതമായി അടക്കേണ്ട ശേഷിക്കുന്ന തുക പാലക്കാട് ജില്ലാ |

| | | | |
|---|---|---|---|
| | | | പഞ്ചായത്തിന്റെ പദ്ധതി വിനിയോഗ ഫണ്ട് ഉപയോഗിച്ചുമാണ് സ്ഥാപിച്ചിട്ടുള്ളത്.<br><br>പാലക്കാട് നല്ലേപള്ളി അണ്ണംതോട്, കോഴിക്കോട് ഗോവിന്ദപുരം പി. കെ. തൊടി, ചിറ്റൂർ ബ്ലോക്ക് പഞ്ചായത്തിലെ ആറ് പട്ടികജാതി കോളനികൾ ഇവയിൽ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളുടെ വീടുകളിൽ സൗജന്യ സോളാർ വൈദ്യുതീകരണത്തിന്റെ അനുമതിക്കായി പഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്. 2016ൽ സർക്കാർ ഫണ്ട് ഉപയോഗിച്ച് അഗളി, ചാലിയൂർ പട്ടികവർഗ്ഗ കോളനിയിൽ 98 KW പുരപ്പുറ സോളാർ സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ